
# കിഴക്കും പടിഞ്ഞാറും വിനിമയങ്ങളുടെ കാലഘട്ടം

**Que.1.** ശാസ്ത്ര സാങ്കേതിക രംഗത്ത് മധ്യകാല ചൈനയുടെ സംഭാവനകളുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തീകരിക്കുക




**Marks : (4)**

**Ans.**

- വെടിമരുന്ന്
- വടക്കുനോക്കിയന്ത്രം
- അച്ചടി
- ആസ്ട്രോലാബ്

**Que.2.** എ കോളത്തിൽ സാഹിത്യകാരന്മാരും ബി കോളത്തിൽ കൃതികളും നൽകിയിരിക്കുന്നു. അവ ഉചിതമായ രീതിയിൽ

ക്രമപ്പെടുത്തി എഴുതുക

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| ഒമർ ഖയ്യാം | സിറ്റി ഓഫ് ഗോഡ് |
| പീറ്റർ അബിലാർഡ് | കിത്താബുൽ ഇബാദ് |
| സെന്റ് അഗസ്റ്റിൻ | റുബായിയ്യാത്ത് |
| സിറ്റി ഓഫ് ഗോഡ് | ഡയലോഗ് |

**Marks : (4)**

**Ans.**

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| ഒമർ ഖയ്യാം | റുബായിയ്യാത്ത് |
| പീറ്റർ അബിലാർഡ് | ഡയലോഗ് |
| സെൻ്റ് അഗസ്റ്റിൻ | സിറ്റി ഓഫ് ഗോഡ് |
| സിറ്റി ഓഫ് ഗോഡ് | കിത്താബുൽ ഇബാദ് |

**Que.3.** ഗിൽഡുകൾ എന്നാൽ എന്ത് ? അവയുടെ രൂപീകരണത്തിന് വഴിതെളിച്ച രണ്ട് ഘടകങ്ങൾ എഴുതുക

**Marks : (3)**

**Ans.**

- മധ്യകാല യൂറോപ്പിലെ നഗരങ്ങളിലുണ്ടായ വ്യാപാരത്തിന്റെ വളർച്ച.
- പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം
- സംഘടനാ ബോധം

**Que.4.** കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സമന്വയത്തിന് ഉദാഹരണമാണ് മധ്യകാലഘട്ടത്തിലെ കലയും സാഹിത്യവും'സമർഥിക്കുക

സൂചന

.വാസ്തുവിദ്യ

.കലകൾ

.സാഹിത്യം

.സംഗീതം

**Marks : (6)**

**Ans.**

<u>വിവിധ വാസ്തുവിദ്യാരീതികൾ</u>

- താഴികക്കുടങ്ങളും കമാനാകൃതിയിലുള്ള വാതിലുകളും വലിയ തൂണുകളും മൊസൈക് തറകളും ഇതിന്റെ സവിശേഷതകളാണ്.
- ലൂയി ഒൻപതാമൻ പാരീസിൽ പണികഴിപ്പിച്ച ആദ്യത്തെ ആശുപത്രിയായ ക്വിൻ സെവീംഗിറ്റും ഫ്ലോറൻസിലെ പ്ലാറ്റോണിക് അക്കാദമി

<u>കല</u>

- സെന്നീ ഡി പെപ്പോ വരച്ച സാന്റ ട്രിനിറ്റ മഡോണ എന്ന ചിത്രം
- റോമിലെ ഫിർദൗസിയുടെ പ്രതിമ

<u>സാഹിത്യം</u>

- ഒമർഖയ്യാമിന്റെ റുബായിയ്യാത്ത്
- തോമസ് അക്വിനാസിന്റെ സമ്മാ തിയോളജി
- കൽഹണന്റെ രാജതരംഗിണി
- മതവിഷയങ്ങളും മതേതര വിഷയങ്ങളും സാഹിത്യത്തിൽ വിഷയങ്ങളായിരുന്നു

<u>സംഗീതം</u>

- സി.ഇ 500 മുതൽ 1400 വരെയുള്ള കാലഘട്ടത്തിൽ യൂറോപ്യൻ സംഗീതത്തിൽ അറബി ഗാനങ്ങളുടെ സ്വാധീനം കാണാം
- ഇബ്നു മിസ്ജ ഉമവ്വിയ കാലഘട്ടത്തിലെ പ്രധാന സംഗീതജ്ഞനായിരുന്നു.
- ഇബ്ൻ മിഹ് രീസ്, ഇബ്ൻ സുരായ് എന്നിവർ പ്രധാനപ്പെട്ട പേർഷ്യൻ സംഗീതജ്ഞർ ആയിരുന്നു.

**Que.5.** മധ്യകാല ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**Marks : (3)**

**Ans.**

- ഗുരുകുല സമ്പ്രദായം നിലനിന്നിരുന്നു
- വ്യാകരണം ,ഭാഷ ,സാഹിത്യം ,തത്ത്വ ചിന്ത ,ജ്യോതി ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു
- ക്ഷേത്രങ്ങളോട് അനുബന്ധിച്ചു നിരവധി വിദ്യാലയങ്ങൾ നിന്നിരുന്നു

**Que.6.** താഴെ കൊടുത്തിരിക്കുന്നവയിൽ ഗിൽഡ് സമ്പ്രദായവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത്?

എ) വ്യവസായവൽക്കരണം ഗിൽഡ് സമ്പ്രദായത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച ഘടകമാണ്

ബി) അധ്വാന വിഭജനം ഗിൽഡിന്റെ ചുമതലയാണ്

സി) സാമ്പത്തിക സ്ഥിരത ഗിൽഡുകളുടെ ഒരു ലക്ഷ്യമാണ്

ഡി) ഓരോ തൊഴിൽ വിഭാഗത്തിനും പ്രതേക ഗിൽഡുകൾ ഉണ്ടായിരുന്നു

**Marks : (1)**

**Ans.** എ) വ്യവസായവൽക്കരണം ഗിൽഡ് സമ്പ്രദായത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച ഘടകമാണ്

**Que.7.** മധ്യകാലഘട്ടത്തിൽ ഇറ്റലിയിൽ വാണിജ്യം വളരാൻ ഇടയായ സാഹചര്യം എന്തെല്ലാം ?

**Marks : (4)**

**Ans.**

- കച്ചവടക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ
- ഭരണാധികാരികളുടെ പ്രോഹത്സാഹനം
- തുറമുഖങ്ങളുടെ സാന്നിധ്യം
- മുദ്രണം ചെയ്ത നാണയങ്ങൾ

**Que.8.** അറബികൾ സ്പെയിനിൽ സ്ഥാപിച്ച കൊർദോവ സർവകലാശാലയുടെ സവിശേഷതകൾ എഴുതുക?

**Marks : (2)**

**Ans.**

- ആയിരകണക്കിന് കൈയെഴുത്തു പ്രതികൾ സൂക്ഷിച്ചിരുന്ന വിശാലമായ ലൈബ്രറി
- ഗ്രീക്ക്,സിറിയക് ,പേർഷ്യൻ ,സംസ്‌കൃതം ഭാഷകൾ പഠിക്കാനുള്ള സൗകര്യം
- ഈ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ അറബി തർജ്ജിമ ലഭ്യമായിരുന്നു

**Que.9.** ഗിൽഡുകളുടെ ചുമതലകളിലൊന്ന് താഴെ കൊടുത്തിരിക്കുന്നു.മറ്റേതെങ്കിലും 3 ചുമതലകൾ കൂടി എഴുതുക

- തൊഴിൽ നിയമങ്ങൾ രൂപീകരിക്കൽ
-
-
-

**Marks : (3)**

**Ans.**

- അധ്വാന വിഭജനം
- ഉൽപ്പന്നത്തിന്റെ നിലവാരം നിലനിർത്തൽ
- വിൽപ്പന രീതി തീരുമാനിക്കൽ
- വിലനിർണയം
- അധ്വാനസമയം നിശ്ചയിക്കൽ

(ഏതെങ്കിലും മൂന്നെണ്ണം എഴുതുക)

**Que.10.** സാഹിത്യകാരന്മാരും കൃതികളും ഉൾപ്പെടുന്ന പട്ടിക പൂർത്തിയാക്കുക

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| a | സിറ്റി ഓഫ് ഗോഡ് |
| പീറ്റർ അബിലാർഡ് | b |
| c | റുബായിയ്യാത് |
| കൽഹണൻ | d |

**Marks : (3)**

**Ans.**

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| സെന്റ് അഗസ്റ്റിൻ | സിറ്റി ഓഫ് ഗോഡ് |
| പീറ്റർ അബിലാർഡ് | ഡയലോഗ് |
| ഒമർ ഖയ്യാം | റുബായിയ്യാത് |
| കൽഹണൻ | രാജതരംഗിണി |

**Que.11.** യൂറോപ്പിലെ ചില പ്രധാന നദികളും അവയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന നഗരങ്ങളുമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉചിതമായവ പൂരിപ്പിക്കുക.

| നഗരം | നദി |
|---|---|
| ലണ്ടൻ | a |
| b | സീൻ |
| റോം | c |
| d | ഡാന്യൂബ് |

**Marks : (4)**

**Ans.**

| നഗരം | നദി |
|---|---|
| ലണ്ടൻ | തെംസ് |
| പാരീസ് | സീൻ |
| റോം | ടിബർ |
| വിയന്ന | ഡാന്യൂബ് |

**Que.12.** മധ്യകാലത്തെ വാണിജ്യത്തിന് ഉപയോഗിച്ചിരുന്ന രണ്ട് പാതകൾ ഏതെല്ലാം ?ഇവയുടെ പ്രത്യേകതകൾ എഴുതുക.

**Marks : (4)**

**Ans.** പട്ടുതുണി പാത,സുഗന്ധവ്യഞ്ജന പാത

.കിഴക്കൻ ചൈന മുതൽ പടിഞ്ഞാറൻ യൂറോപ്പ് വരെ

.അനേകം കച്ചവട കേന്ദ്രങ്ങളിലൂടെ കടന്നു പോകുന്നു

.പട്ടുതുണി പാത കരയിലൂടെ ,സുഗന്ധ വ്യഞ്ജന പാത കടൽ മാർഗവും

(ഏതെങ്കിലും ഒരെണ്ണം )

**Que.13.** താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

.പട്ടുതുണി പാത കടൽമാർഗവും സുഗന്ധവ്യഞ്ജനപാത കരയിലൂടെയും ആയിരുന്നു

.പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം ഗിൽഡ് സമ്പ്രദായത്തിന്റെ തകർച്ചക്ക് കാരണമായി

. കരോലിൻജിയൻ ശൈലി രൂപപ്പെടുത്തിയത് ഷാലമീൻ ചക്രവർത്തിയാണ്

.രാജ തരംഗിണിഎന്ന കൃതി രചിച്ചത് ജയദേവനാണ്

**Marks : (1)**

**Ans.** കരോലിൻജിയൻ ശൈലി രൂപപ്പെടുത്തിയത് ഷാലമീൻ ചക്രവർത്തിയാണ്

**Que.14.** ചുവടെ കൊടുത്തിരിക്കുന്നവയിൽ ജ്യോതിശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവന നൽകിയ പണ്ഡിതനാര്?

( ഭാസ്ക്കര II, റോജർ ബേക്കൺ, അൽബിറുനി, മുഹമ്മദ് അൽ-റാസി)

**Marks : (1)**

**Ans.** ഭാസ്ക്കര II

**Que.15.** ഗിൽഡുകൾ എന്നാൽ എന്ത് ?രണ്ടുതരം ഗിൽഡുകൾ ഏതെല്ലാം ?

**Marks : (3)**

**Ans.**

മധ്യകാലഘട്ടത്തിലെ വിവിധ തൊഴിൽ മേഖലയിലെ വിദഗ്ദ്ധരുടെ സംഘങ്ങളായിരുന്നു ഗിൽഡുകൾ

- വ്യാപാര ഗിൽഡുകൾ
- കരകൗശല ഗിൽഡുകൾ

**Que.16.** മധ്യകാല ലോകത്ത് സ്വന്തമായി നാണയങ്ങൾ മുദ്രണം ചെയ്ത രണ്ട് നഗരങ്ങളുടെ പേരുകൾ എഴുതുക?

**Marks : (2)**

**Ans.** ഇറ്റാലിയൻ നഗരങ്ങളായ ഫ്ലോറെൻസ്, വെനീസ്-

**Que.17.** ഗിൽഡുകളുടെ രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- മധ്യകാല യൂറോപ്പിലെ നഗരങ്ങളിലുണ്ടായ വ്യാപാരത്തിന്റെ വളർച്ച
- പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം
- പട്ടണങ്ങളിലെ ഉയർന്ന നികുതിയും ചൂഷണവും
- സംഘടനാബോധം

**Que.18.** മധ്യകാലഘട്ടത്തിൽ ചിത്രകലയുടെ വികാസത്തിന് ഉദാഹരണമായ സാന്റ്രിനിറ്റ മഡോണി എന്ന ചിത്രം വരച്ചത് ആര്?

**Marks : (1)**

**Ans.** സെന്നി ഡി പെപ്പൊ

**Que.19.** ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി എഴുതുക.

(അബു -അൽ- ഖാസീം, അൽബിറുനി, മുഹമ്മദ് അൽ-റാസി, റോജർ ബേക്കൺ, ഭാസ്ക്കര II )

| പണ്ഡിതന്മാർ | സംഭാവനകൾ |
|---|---|
| (a) | വൈദ്യശാസ്ത്രത്തിന് സംഭാവനകൾ നൽകി |
| (b) | യന്ത്ര നിർമിത വാഹനങ്ങളുടെയും ആകാശ യാനങ്ങളുടെയും കണ്ടുപിടിത്തത്തിന് അടിത്തറയേകി |
| (c) | ഭൂഗർഭ ശാസ്ത്രത്തിന്റെയും നരവംശ ശാസ്ത്രത്തിന്റെയും അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുത്തി |
| (d) | ജ്യോതിശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകി |

**Marks : (4)**

**Ans.**

| പണ്ഡിതന്മാർ | സംഭാവനകൾ |
|---|---|
| (a) മുഹമ്മദ് അൽ-റാസി | വൈദ്യശാസ്ത്രത്തിന് സംഭാവനകൾ നൽകി |
| (b) റോജർ ബേക്കൺ | യന്ത്ര നിർമിത വാഹനങ്ങളുടെയും ആകാശ യാനങ്ങളുടെയും കണ്ടുപിടിത്തത്തിന് അടിത്തറയേകി |
| (c) അൽബിറൂനി | ഭൂഗർഭ ശാസ്ത്രത്തിന്റെയും നരവംശ ശാസ്ത്രത്തിന്റെയും അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുത്തി |
| (d) ഭാസ്കര II | ജ്യോതിശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവനകൾ |

**Que.20.** അറബികളുമായുള്ള ബന്ധത്തിലൂടെ യൂറോപ്യൻ ജനത പരിചയിച്ച സാങ്കേതിക ജ്ഞാനങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക?

**Marks : (4)**

**Ans.**

- ടെലിസ്കോപ്പിന്റെ നിർമാണത്തിനുള്ള ഉപകരണങ്ങൾ
- നഗരങ്ങളിലെ തെരുവുദീപങ്ങൾ, മാലിന്യനിർമ്മാർജ്ജ പദ്ധതികൾ
- മെക്കാനിക്കൽ ക്ലോക്കുകൾ
- ഗിയറിന്റെ തത്ത്വം
- ശസ്ത്രക്രിയാ ഉപകരണങ്ങൾ
- ബീജഗണിതം, ആൽക്കമി, ത്രികോണമിതി

(ഏതെങ്കിലും നാലെണ്ണം)

**Que.21.** മധ്യകാല ശാസ്ത്രത്തിന് അറബികൾ നൽകിയ സംഭാവനകൾ എന്തെല്ലാം ?

**Marks : (3)**

**Ans.**

- അറബി അക്കങ്ങളും പൂജ്യവും ഇന്ത്യയിൽ നിന്ന് യൂറോപ്പിൽ പ്രചരിച്ചു.
- രസതന്ത്രത്തെ ഒരു ശാസ്ത്രം എന്ന നിലയിൽ വികസിച്ചു
- ബീജഗണിതത്തിന്റെയും (Algebra) പ്രകാശ ശാസ്ത്രത്തിന്റെയും (Optics) ഉപജ്ഞാതാക്കൾ അറബികളാണ്.

**Que.22.** എ കോളത്തിനു അനുയോജ്യമായവ ബി കോളത്തിൽ നിന്ന് എടുത്തെഴുതുക

| എ | ബി |
|---|---|
| കൽഹണൻ | ഷാനാമ |
| ജയദേവൻ | സിറ്റി ഓഫ് ഗോഡ് |
| അൽ ഫിർദൗസി | രാജതരംഗിണി |
| സെന്റ് അഗസ്റ്റിൻ | ഗീതഗോവിന്ദം |

**Marks : (4)**

**Ans.**

| എ | ബി |
|---|---|
| കൽഹണൻ | രാജതരംഗിണി |
| ജയദേവൻ | ഗീതഗോവിന്ദം |
| അൽ ഫിർദൗസി | ഷാനാമ |
| സെന്റ് അഗസ്റ്റിൻ | സിറ്റി ഓഫ് ഗോഡ് |

**Que.23.** താഴെ കൊടുത്തിരിക്കുന്നവയിൽ ഉമവിയ്യ കാലഘട്ടത്തിലെ പ്രശസ്തനായ സംഗീതജ്ഞൻ ആര് ?

(ഇബ്ൻ മിസ്ജ, ഇബ്ൻ മുഹ് രിസ്, ഇബ്ൻ സുരായി, ഇബ്നു സീന)

**Marks : (1)**

**Ans.** ഇബ്ൻ മിസ്ജ

**Que.24.** കരോലിൻജിയൻ ശൈലി രൂപപ്പെടുത്തിയ ഭരണാധികാരി ആര് ?അതിന്റെ സവിശേഷത എന്ത്?

**Marks : (3)**

**Ans.** .ഷാലമീൻ

താഴികക്കുടങ്ങളും കമാനാകൃതിയിലുള്ള വാതിലുകളും വലിയ തൂണുകളും മൊസൈക് തറകളും ഇതിന്റെ സവിശേഷതകളാണ്.

**Que.25.** മധ്യകാലഘട്ടത്തിൽ ഇന്ത്യ ചൈന എന്നീ രാജ്യങ്ങളിലുണ്ടായ വിദ്യാഭ്യാസ പുരോഗതി വിശദീകരിക്കുക?

**Ans.** **<u>ചൈന</u>**

.പ്രാചീന കാലം മുതൽ സ്കൂളുകൾ ആരംഭിച്ചു

.വിദ്യാലങ്ങളിൽ 6 വയസുമുതൽ പഠനം ആരംഭിച്ചു

.ഏകാധ്യാപക വിദ്യാലയങ്ങൾ നിലനിന്നു

.ബുദ്ധമതവിഹാര പഠനകേന്ദ്രങ്ങളിൽ ബുദ്ധമത ദർശനം നിർബന്ധ വിഷയം

**<u>ഇന്ത്യ</u>**

.ഗുരുകുല സമ്പ്രദായം നിലനിന്നിരുന്നു

.വ്യാകരണം ,ഭാഷ ,സാഹിത്യം ,തത്ത്വ ചിന്ത ,ജ്യോതി ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു

.ക്ഷേത്രങ്ങളോട് അനുബന്ധിച്ച് നിരവധി വിദ്യാലയങ്ങൾ നിലനിരുന്നു

**Que.26.** ചുവടെ തന്നിട്ടുള്ളവയിൽ 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും

തിരഞ്ഞെടുത്തെഴുതുക


| എ | ബി |
|---|---|
| ബൊളോണ | ഫ്രാൻസ് |
| കോൺസ്റ്റാൻറിനോപ്പിൾ | ഇംഗ്ലണ്ട് |
| പാരിസ് | ഇറ്റലി |
| ഓക്സ്ഫർഡ് | തുർക്കി |

**Marks : (4)**

**Ans.**

| എ | ബി |
|---|---|
| ബൊളോണ | ഇറ്റലി |
| കോൺസ്റ്റാൻറിനോപ്പിൾ | തുർക്കി |
| പാരിസ് | ഫ്രാൻസ് |
| ഓക്സ്ഫർഡ് | ഇംഗ്ലണ്ട് |

**Que.27.** പദസൂര്യൻ പൂർത്തീകരിക്കുക




**Marks : (4)**

**Ans.** a. അധ്വാന വിഭജനം

b. ഉൽപ്പന്നത്തിന്റെ നിലവാരം നിലനിർത്തൽ

c. വിൽപ്പന രീതി തീരുമാനിക്കൽ

d. വിലനിർണയം

e. അധ്വാനസമയം നിശ്ചയിക്കൽ (ഏതെങ്കിലും നാലെണ്ണം)

**Que.28.** 'മധ്യകാല ലോകത്തു പശ്ചിമ യൂറോപ്യൻനഗരങ്ങളെക്കാൾ പുരോഗതി കൈവരിച്ചത് കിഴക്കൻ നഗരങ്ങൾ ആയിരുന്നു' സമർഥിക്കുക

**Marks : (4)**

**Ans.** ബാഗ്ദാദ് വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും പ്രധാന കേന്ദ്രം

.കോൺസ്റ്റാന്റിനോപ്പിൾ പ്രധാന വാണിജ്യ കേന്ദ്രം

.തുറമുഖ പട്ടണം ടൈഗ്രീസ് നദീ തീരത്തെ ബസറ

.ഏദൻ ,മക്ക, മസ്കത്, പ്രധാന പട്ടണങ്ങൾ

.കോഴിക്കോട് പ്രധാന തുറമുഖവും വാണിജ്യ കേന്ദ്രവും

. ഗുജറാത്ത് പ്രധാന തുറമുഖം

**Que.29.** മധ്യകാല യൂറോപ്യൻ നഗരങ്ങൾ ആധുനിക നഗരങ്ങളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വിശദമാക്കുക?

**Marks : (4)**

**Ans.**

- വലിപ്പം കുറഞ്ഞ നഗരങ്ങൾ
- നഗരവീഥികൾ ഇടുങ്ങിയതും വൃത്തിഹീനവുമായിരുന്നു
- കെട്ടിടങ്ങൾ തടികൊണ്ട് നിർമിച്ചതും വൈക്കോൽ മേഞ്ഞതും
- തീപിടുത്തത്തിന് സാധ്യത വളരെ കൂടുതൽ
- നഗരവാസികൾ കച്ചവടക്കാർ ,കരകൗശല ജോലിക്കാർ ,തൊഴിലാളികൾ എന്നിവരായിരുന്നു തൊഴിലാളികൾ മറ്റുള്ളവരെ ആശ്രയിച്ചു

  ഭക്ഷണത്തിനായി നഗരങ്ങൾ ഗ്രാമങ്ങളെ ആശ്രയിച്ചു

**Que.30.** ഇറ്റാലിയൻ നഗരങ്ങളുടെ വികാസത്തിന് അനുകൂലമായിരുന്ന ഒരു സാഹചര്യം തുറമുഖങ്ങളുടെ സാന്നിധ്യമാണ് .മറ്റു രണ്ട് സാഹചര്യങ്ങൾ എഴുതുക ?

**Marks : (2)**

**Ans.** കച്ചവടക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ

ഭരണാധികാരികളുടെ പ്രോഹത്സാഹനം

**Que.31.** പതിനൊന്നാം നൂറ്റാണ്ടോടുകൂടി പുതിയ നഗരങ്ങൾ ഉയർന്നുവന്നത് ഏതെല്ലാം മേഖലകളെ കേന്ദ്രീകരിച്ചാണെന്ന് എഴുതുക.

**Marks : (3)**

**Ans.**

- ഫ്യൂഡൽ പ്രഭുക്കന്മാരുടെ കൊട്ടാരങ്ങളുടെ സമീപമുള്ള നഗരങ്ങൾ
- ക്രൈസ്തവ ദേവാലയങ്ങൾക്കും മഠങ്ങൾക്കും ചുറ്റും വളർന്നുവന്ന നഗരങ്ങൾ
- കമ്പോള കേന്ദ്രങ്ങൾ വികസിച്ച് രൂപംകൊണ്ട നഗരങ്ങൾ

**Que.32.** മധ്യകാലഘട്ടത്തിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വാണിജ്യ ബന്ധം വികസിക്കാനുള്ള ഒരു കാരണം ഉല്പാദന വർദ്ധനവ് ആണ്. മറ്റ് കാരണങ്ങൾ എഴുതുക

**Marks : (3)**

**Ans.**

ഉൽപ്പന്നങ്ങളുടെ വൈവിധ്യം

റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം

കള്ളൻമ്മാരെയും പിടിച്ചുപറിക്കാരെയും അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ

**Que.33.** **മധ്യകാല ലോകത്തെ പ്രധാനപ്പെട്ട വാണിജ്യ പാതകളാണ് ഭൂപടത്തിൽ നൽകിയിരിക്കുന്നത് ഭൂപടം നിരീക്ഷിച് ഇവയുടെ സവിശേഷതകൾ എഴുതുക**




**Marks : (3)**

**Ans.**

- കിഴക്കൻ ചൈന മുതൽ പടിഞ്ഞാറൻ യൂറോപ്പുവരെ ഈ പാതകൾ വ്യാപിച്ചിരിക്കുന്നു.
- പട്ടുതുണിപ്പാത കരയിലൂടെയും സുഗന്ധവ്യഞ്ജനപാത കടൽ മാർഗ്ഗവുമായിരുന്നു.
- അനേകം കച്ചവടകേന്ദ്രങ്ങളിലൂടെ ഈ പാതകൾ കടന്നുപോകുന്നുണ്ട്.

**Que.34.** ഇബ്ൻ മുഹ് രിസ് ചുവടെ തന്നിട്ടുള്ളതിൽ ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു

(സംഗീതം, വാസ്തുവിദ്യ, ചിത്രകല, സാഹിത്യം)

**Marks : (3)**

**Ans.** സംഗീതം

**Que.35.** മധ്യകാല യൂറോപ്യൻ നഗരങ്ങളുടെ സവിശേഷതകളെക്കുറിച്ച് വിശദീകരിക്കുക.

**Marks : (6)**

**Ans.**

- നദീതീരങ്ങളിൽ വളർന്നുവന്നു
- ചരക്കു നീക്കം എളുപ്പമായതിനാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ലഭിച്ചു
- വലിപ്പം കുറഞ്ഞ നഗരങ്ങൾ
- നഗരവീഥികൾ ഇടുങ്ങിയതും വൃത്തിഹീനവുമായിരുന്നു
- കെട്ടിടങ്ങൾ തീപിടുത്തത്തിന് സാധ്യത വളരെ കൂടുതൽ
- കച്ചവടക്കാർ ,കരകൗശല ജോലിക്കാർ ,തൊഴിലാളികൾ എന്നിവരായിരുന്നു നഗരവാസികൾ
- തൊഴിലാളികൾ മറ്റുള്ളവരെ ആശ്രയിച്ചു
- ഭക്ഷണത്തിനായി നഗരങ്ങൾ ഗ്രാമങ്ങളെ ആശ്രയിച്ചു

**Que.36.** മധ്യകാലഘട്ടത്തിൽ യൂറോപ്പ് പ്രാഥമിക വിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും ശ്രദ്ധേയമായ പുരോഗതി നേടി. വിശദീകരിക്കുക

**Marks : (6)**

**Ans.**

<u>പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ പുരോഗതി</u>

.ധാരാളം സ്കൂളുകൾ വളർന്നുവന്നു

.വ്യാകരണം ,ലാറ്റിൻ ഭാഷ, ജ്യോതി ശാസ്ത്രം,സാഹിത്യം ,തത്വചിന്ത, ഗണിതം ,

പ്രകൃതിനിയമങ്ങൾ-സ്കൂളുകളിലെ പ്രധാന വിഷയങ്ങൾ

<u>ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതി</u>

.തത്ത്വചിന്ത ,നിയമം, സാഹിത്യം, വൈദ്യശാസ്ത്രം, വിവിധ ഭാഷകൾ ജ്യാമിതികൾ എന്നിവയായിരുന്നു പഠനവിഷയങ്ങൾ

.നിരവധി സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടു

.സ്പെയിനിലെ പ്രശസ്തമായ സർവകലാശാലയായിരുന്നു കൊർദോവ സർവകലാശാല

**Que.37.** ഷാലമീൻ ചക്രവർത്തി രൂപപ്പെടുത്തിയ വാസ്തുശൈലി ഏത് ?

**Marks : (1)**

**Ans.** കരോലിൻജിയൻ

**Que.38.** മധ്യകാലഘട്ടത്തിൽ അറബ് സംഗീതത്തിൽ കൈവരിച്ച പുരോഗതി വിശദമാക്കുക ?

**Marks : (3)**

**Ans.**

- സി.ഇ 500 മുതൽ 1400 വരെയുള്ള കാലഘട്ടത്തിൽ യൂറോപ്യൻ സംഗീതത്തിൽ അറബി ഗാനങ്ങളുടെ സ്വാധീനം കാണാം
- ഇബ്നു മിസ്ജ ഉമവ്വിയ കാലഘട്ടത്തിലെ പ്രധാന സംഗീതജ്ഞനായിരുന്നു.
- ഇബ്ൻ മിഹ് രീസ്, ഇബ്ൻ സുരായ് എന്നിവർ പ്രധാനപ്പെട്ട പേർഷ്യൻ സംഗീതജ്ഞർ ആയിരുന്നു.

**Que.39.** മധ്യകാലഘട്ടത്തിൽ പൗരസ്ത്യ വാസ്തുശില്പം പാശ്ചാത്യ ശൈലിയിൽ സ്വാധീനം ചെലുത്തി എന്നതിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക .

**Marks : (2)**

**Ans.** ഫ്രഞ്ച് ചക്രവർത്തി ലൂയി ഒമ്പതാമൻ പണികഴിപ്പിച്ച പാരിസിലെ ആദ്യത്തെ ആശുപത്രിയായ 'ക്വിൻസെവിംഗിറ്റും' (Quinze-Vingts) ഫ്ലോറൻസിലെ പ്ലാറ്റോണിക് അക്കാദമിയും.

**Que.40.** ചുവടെ നൽകിയിരിക്കുന്ന വ്യക്തികൾ ഏത് മേഖലയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

- മുഹമ്മദ് അൽ റാസി,
- ഭാസ്കരII ,
- അൽബിറുനി,

| സംഭാവനകൾ നല്കിയ മേഖല | വ്യക്തികൾ |
|---|---|
| ജ്യോതിശാസ്ത്രം | |
| നരവംശശാസ്ത്രം/ഭൂഗർഭശാസ്ത്രം | |
| വൈദ്യശാസ്ത്രം | |

**Marks : (3)**

**Ans.**

| സംഭാവനകൾ നല്കിയ മേഖല | വ്യക്തികൾ |
|---|---|
| ജ്യോതിശാസ്ത്രം | ഭാസ്കര II |
| നരവംശശാസ്ത്രം/ഭൂഗർഭശാസ്ത്രം | അൽബിറുനി |
| വൈദ്യശാസ്ത്രം | മുഹമ്മദ് അൽ റാസി |

**Que.41.** മധ്യകാല സമൂഹത്തിന്റെ പുരോഗതിക്ക് വിദ്യാഭ്യാസം 'എങ്ങനെ സഹായകമായെന്ന് വിശദമാക്കുക.

**സൂചന**

- പ്രൈമറി വിദ്യാഭ്യാസം,
- സർവകലാശാലകൾ ,
- സ്ത്രീ വിദ്യാഭ്യാസം

**Marks : (6)**

**Ans.** <u>പ്രൈമറി വിദ്യാഭ്യാസം</u>

പ്രാഥമിക വിദ്യാഭ്യാസത്തിന് ധാരാളം സ്കൂളുകൾ - മക്തബ് - വ്യാകരണം - ലാറ്റിൻ ഭാഷ – ജ്യോതിശാസ്ത്രം - സാഹിത്യം - തത്ത്വചിന്ത – ഗണിതം - പ്രകൃതിനിയമം വിഷയങ്ങൾ.

സർവ്വകലാശാല വിദ്യാഭ്യാസം

തത്വചിന്ത – നിയമം - സാഹിത്യം - വൈദ്യശാസ്ത്രം - വിവിധ ഭാഷകൾ - ജ്യാമിതി വിഷയങ്ങൾ

സ്ത്രീ വിദ്യാഭ്യാസം -

യൂറോപ്പിൽ കന്യാസ്ത്രീകൾക്കും, ഭരണാധികാരിയുടെ മക്കൾക്കും മാത്രമാണ് സ്ത്രീ വിദ്യാഭ്യാസം ലഭിച്ചത് - അറബ് ലോകത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിച്ചു - ഇജാസ് എന്ന ഡിഗ്രി - മധ്യകാലത്ത് കിഴക്കൻ ഏഷ്യൻ പ്രദേശത്തും വിദ്യാഭ്യാസ പുരോഗതിയുണ്ടായി - ചൈനയിൽ ധാരാളം സ്കൂളുകൾ സ്ഥാപിച്ചു - ബുദ്ധമതം ദർശനം നിർബന്ധവിഷയം - മധ്യകാല ഇന്ത്യയിൽ ഗുരുകാല സമ്പ്രദായം നിലനിന്നു.

**Que.42.** അബു അൽ ഖാസിം ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(ശസ്ത്രക്രിയ, നരവംശശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂഗർഭശാസ്ത്രം)

**Marks : (1)**

**Ans.** ശസ്ത്രക്രിയ

**Que.43.** ഗിൽഡ് സമ്പ്രദായത്തിന്റെ പതനത്തിനുള്ള രണ്ട് കാരണങ്ങൾ എഴുതുക?

**Marks : (2)**

**Ans.** വ്യവസായ വൽക്കരണം

ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച

**Que.44.** ചുവടെ കൊടുത്തിരിക്കുന്ന നഗരങ്ങളെ യൂറോപ്യൻ നഗരങ്ങൾ, കിഴക്കൻ നഗരങ്ങൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക

(മക്ക, പിസ, ഏദൻ, ദമാസ്കസ്, ബാഗ്ദാദ്, ഫ്ലോറൻസ് , ജനോവ , വെനീസ് )

| യൂറോപ്യൻ നഗരങ്ങൾ | കിഴക്കൻ നഗരങ്ങൾ |
|---|---|
| | |
| | |
| | |
| | |

**Marks : (4)**

**Ans.**

| യൂറോപ്യൻ നഗരങ്ങൾ | കിഴക്കൻ നഗരങ്ങൾ |
|---|---|
| ജനോവ | ഏദൻ |
| പിസ | മക്ക |
| വെനീസ് | ദമാസ്കസ് |
| ഫ്ളോറൻസ് | ബാഗ്ദാദ് |

**Que.45.** മധ്യകാല ചൈന ശാസ്ത്രസാങ്കേതിക രംഗത്ത് നൽകിയ ഏതെങ്കിലും രണ്ടു സംഭാവനകൾ എഴുതുക?

**Marks : (2)**

**Ans.** വെടിമരുന്ന്, ഭൂകമ്പമാപിനി, വടക്കുനോക്കിയന്ത്രം, അച്ചടി, ആസ്ട്രൂലാബ് (ഏതെങ്കിലും രണ്ട് എണ്ണം എഴുതുക)

**Que.46.** മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന ഗിൽഡുകളെക്കുറിച്ച് തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയാറാക്കുക.

<u>സൂചനകൾ</u>

- ഗിൽഡുകൾ രൂപംകൊള്ളാൻ ഇടയായ സാഹചര്യം

- ഗിൽഡിന്റെ ഘടനയും ലക്ഷ്യങ്ങളും

- ഗിൽഡുകളുടെ അധപതനം

**Marks : (6)**

**Ans.** <u>ഗിൽഡുകൾ രൂപംകൊള്ളാൻ ഇടയാക്കിയ സാഹചര്യം</u>

- വ്യാപാരത്തിന്റെ വളർച്ച
- പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം
- ചൂഷണത്തിനെതിരെ നിലകൊള്ളേണ്ടതിന്റെ ആവശ്യകത
- സംഘടനാബോധം

<u>ഗിൽഡിന്റെ ലക്ഷ്യങ്ങളും ചുമതലകളും</u>

ലക്ഷ്യങ്ങൾ

- പരസ്പര സഹായവും സഹകരണവും വളർത്തുക
- കമ്പോള കുത്തക
- സാമ്പത്തിക സ്ഥിരത

ചുമതലകൾ

- അധ്വാന വിഭജനം
- ഉല്പന്നത്തിന്റെ നിലവാരം നിലനിർത്തുക
- വിൽപനരീതി തീരുമാനിക്കൽ
- വിലനിർണ്ണയം
- അധ്വാനസമയം നിശ്ചയിക്കുക
- തൊഴിൽ നിയമങ്ങൾ രൂപീകരിക്കൽ

<u>ഗിൽഡുകളുടെ അധഃപതനം</u>

- ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച
- വ്യവസായവൽക്കരണം